LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനഫലമായി മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പുരോഗതികളുണ്ടായിട്ടുണ്ട്. മുട്ടയുല്പാദന രംഗത്ത് 2005-06 സാമ്പത്തിക വർഷത്തിൽ 11,956 ലക്ഷമായിരുന്നത് 2007-08-ൽ 13,792 ലക്ഷമായും 2008-09 വർഷത്തിൽ 15,002 ലക്ഷമായും ഉയരുകയുണ്ടായി. 2000-01 മുതൽ 2005-06 വരെയുള്ള 5 വർഷങ്ങളിൽ 83.88 കോടിയുടെ കുറവ് രേഖപ്പെടുത്തിയ സ്ഥാനത്ത് 2006-07-ൽ 31 ലക്ഷത്തിന്റെയും 2007-08-ൽ 1805 ലക്ഷത്തിന്റെയും 2008-09-ൽ 1210 ലക്ഷത്തിന്റെയും അധിക ഉല്പാദനം സാധ്യമാക്കി. ഇപ്പോൾ ലഭ്യമായിരിക്കുന്ന കണക്കനുസരിച്ച് 2009-10-ൽ 165 കോടി മുട്ടയുല്പാദനം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. മുട്ടയുല്പാദനത്തിൽ 2005-06-നെ അപേക്ഷിച്ച് 34 ശതമാനം വളർച്ചാനിരക്കാണ് 2009-10-ൽ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്.

കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനം 2006-07-ലെ 16184 ടണ്ണിൽ നിന്നും 2008-09-ൽ 19268 ടൺ ആയി വർദ്ധിക്കുകയുണ്ടായി. ആഭ്യന്തര കോഴിയിറച്ചിയുടെ ഉല്പാദനത്തിൽ 17 ശതമാനം വളർച്ച കൈവരിച്ചിട്ടുണ്ട്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ആർ.കെ.വി.വൈ. പദ്ധതിയുടെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പന്നിക്കൂട്, ബയോഗ്യാസ് പ്ലാന്റ് എന്നിവ പണിയുന്നതിനുള്ള ചെലവിന്റെ പകുതി സബ്സിഡി നിരക്കിൽ നൽകിവരുന്നു. പന്നിക്കുഞ്ഞുങ്ങളേയും പകുതി വിലയ്ക്ക് നൽകുന്നുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അങ്കമാലി ജനുസ്സിൽപ്പെട്ട പന്നികളെ വളർത്തുന്ന ഒരു പദ്ധതി എം.പി.ഐ.-കെ.എൽ.ഡി.ബി. സംയുക്തസംരംഭമായി നടപ്പിലാക്കി. എസ്.ബി.ഐ. യുമായി സഹകരിച്ച് പന്നിക്കുഞ്ഞുങ്ങളെ തമിഴ്നാട്ടിലെ കർഷകർക്ക് നൽകുന്ന ഒരു പദ്ധതിയും എം.പി.ഐ. നടപ്പാക്കി വരുന്നു.

മൃഗസംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ

103 (4454) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(ബി) വെറ്ററിനറി സബ്സെന്ററുകളും, ആശുപത്രികളും മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സബ്സെന്ററുകൾ കേന്ദ്രീകരിച്ച് വളർത്തുമൃഗ പരിപാലനത്തെക്കുറിച്ചും മറ്റും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൃഗസംരക്ഷണ മേഖലയുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം, ഇടുക്കി, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ ആധുനികവല്ക്കരിക്കുകയും കണ്ണൂർ, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയും കൂടാതെ തിരുവനന്തപുരം, പത്തനംതിട്ട, കാസർഗോഡ്, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലെ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെ കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

മൃഗാശുപത്രികൾ ഇല്ലാത്ത 7 പഞ്ചായത്തുകളിൽ കൂടി പുതിയ മൃഗാശുപത്രികൾ ആരംഭിച്ചു. കരുനാഗപ്പള്ളി മൃഗാശുപത്രി വെറ്ററിനറി പോളീക്ലിനിക്ക് ആയി ഉയർത്തി.

നിലവിൽ പാലോടുള്ള ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിനു പുറമേ ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, കണ്ണൂർ, തിരുവല്ലായിലുള്ള അനിമൽ ഡിസീസ് ഡയഗണോസ്റ്റിക് ലാബ്, പാലോട്, റിൻഡർപെസ്റ്റ് ലാബ് എന്നിവിടങ്ങളിൽ പേവിഷബാധ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തി.

11 ജില്ലകളിൽ കന്നുകാലികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. താറാവുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ സൗജന്യനിരക്കിൽ നടപ്പിലാക്കി വരുന്നു.

അതിർത്തി ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചു.

2. പ്രജനന രംഗത്തെ നടപടികൾ

സംസ്ഥാനത്ത് 2008 മുതൽ പുതുക്കിയ പ്രജനന നയം നടപ്പിലാക്കി. കർഷകർക്ക് കൃത്രിമ ബീജാധാനം സൗജന്യമാക്കി. ആടുകളുടെ കൃത്രിമ ബീജാധാനത്തിനായി സംസ്ഥാനത്ത് 729 കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി. വർഷംതോറും 4.5 ലക്ഷം കറവപ്പശുക്കൾക്ക് സൗജന്യമായി വിരമരുന്ന് നൽകി വരുന്നു.

3. ഫാമുകളുടെ പ്രവർത്തനം

വിവിധ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കുടപ്പനക്കുന്ന് കന്നുകാലിവളർത്തൽ കേന്ദ്രത്തിൽ ഒരു യമുവളർത്തൽ യൂണിറ്റ് തുടങ്ങുവാൻ സാധിച്ചു. കർഷകരിൽ ടർക്കി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

4. സമുദ്രോൽപ്പന്ന കന്നുകാലി കാർഷിക ഉൽപ്പന്നങ്ങളുടെ പരിശോധനാ ലാബ്:

കയറ്റുമതി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി എറണാകുളം ജില്ലയിലെ മരടിലുള്ള സമുദ്രോല്പന്ന കന്നുകാലി കാർഷിക ഉല്പന്നങ്ങളുടെ പരിശോധനാ ലാബ് പ്രവർത്തനം ആരംഭിച്ചു.

5. ഹൈടെക് ഡയറി ഫാമുകൾ :

സംസ്ഥാനം പാലുല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കുളത്തൂപ്പുഴ, മാട്ടുപ്പെട്ടി, കോലാഹലമേട് എന്നീ സ്ഥലങ്ങളിൽ കെ.എൽ.ഡി.ബി. വഴി കർഷകർക്ക് മാതൃകയായി ഹൈടെക് ഡയറി ഫാമുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു.

6. ഭക്ഷ്യസുരക്ഷ :

ഈ സർക്കാർ ഭക്ഷ്യോല്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു. ഇതിനായി 10 കോടി രൂപയുടെ അംഗീകാരം നൽകുകയുണ്ടായി. ഇതിന്റെ ആദ്യ ഘട്ടമായി 3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (ജീവരേഖ)

7. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി:

ഈ പദ്ധതി പ്രകാരം ഓരോ സാമ്പത്തിക വർഷവും 4 മുതൽ 8 മാസം വരെ പ്രായമുള്ള 21,000 കന്നുകുട്ടികളും, 2000 എരുമക്കുട്ടികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യനിരക്കിൽ തീറ്റ, രോഗപരിരക്ഷ, ഇൻഷുറൻസ് പരിരക്ഷ എന്നിവ നൽകിവരുന്നു.

8. കാലിത്തീറ്റ നിർമ്മാണ ഫാക്ടറി:

കർഷകർക്ക് ഗുണനിലവാരമുള്ളതും ന്യായവിലയ്ക്ക് തീറ്റ ലഭ്യമാക്കുന്നതിനുമായി കരുനാഗപ്പള്ളിയിൽ കേരള ഫീഡ്സ് മുഖേന ആധുനിക കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

9. ഫോഡർ ബ്ലോക്ക് നിർമ്മാണം:

പാലക്കാട്ടുള്ള മുതലമടയിൽ ഫോഡർ ബ്ലോക്ക് നിർമ്മാണത്തിന് ഒരു യൂണിറ്റ് കേരളാ ഫീഡ്സ് മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10. വിഷൻ 2010 :

ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം 4447 കന്നുകുട്ടികൾക്ക് സൗജന്യനിരക്കിൽ തീറ്റയും ഇൻഷ്വറൻസ് ചികിത്സാ പരിരക്ഷയും ലഭ്യമാക്കി.

11. വിജ്ഞാന വ്യാപന പരിശീലനം :

ക്ഷീര, കോഴി, സംയോജിത മേഖലയിലെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനും വേണ്ടി വിവിധ മേഖലകളിലെ മികച്ച കർഷകർക്ക് സംസ്ഥാനതല ജില്ലാതല അവാർഡുകൾ നൽകിവരുന്നു.

നിലവിലുള്ള എൽ.എം.റ്റി.സി.കൾക്ക് പുറമേ കൊട്ടിയത്തും തലയോലപ്പറമ്പിലും പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ക്ഷീര കർഷകർക്ക് മറ്റുള്ള സംസ്ഥാനങ്ങളിൽ പോയി ഈ മേഖലയിലെ നൂതന സംരംഭങ്ങളും മറ്റും കണ്ട് മനസ്സിലാക്കുന്നതിന് പഠനയാത്രകൾ സംഘടിപ്പിച്ചു. സ്കൂൾ കുട്ടികൾക്ക് മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ആഭിമുഖ്യം വളർത്തുന്നതിനായി മൃഗക്ഷേമ ക്ലാസ്സുകൾ നടത്തിവരുന്നു.

12. മൂലനിധി സംഭരണ സഹായ പദ്ധതി :

ഈ പദ്ധതി പ്രകരം നോൺ ഓപ്പറേഷൻ ഫ്ളഡ് ഏരിയായിൽ അടങ്ങുന്ന സ്ഥലങ്ങളിൽ ക്ഷീരകർഷകർക്ക് അവർ എടുക്കുന്ന വായ്പയുടെ പലിശയിന്മേൽ ഇളവുനൽകുന്ന പദ്ധതിയാണ് ഇത്. നബാർഡ് മുഖേന നടപ്പിലാക്കുന്ന വി.സി.എഫ്. പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് ഈ സഹായം നൽകിവരുന്നു.

13. വിദർഭ പദ്ധതി :

കർഷകരുടെ ആത്മഹത്യാപ്രേരിത ജില്ലകളായ പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കർഷകരുടെ പുനരധിവാസത്തിനായി കേന്ദ്ര സഹായത്തോടെ 2006-07 മുതൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൽ 44.47 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

14. RKVY പദ്ധതി :

ഈ പദ്ധതി പ്രകാരം മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികൾക്കായി വകുപ്പിന് 2007-08-ൽ 15.15 കോടിയും 2008-09-ൽ 4.17 കോടി രൂപയും 2009-10-ൽ 6.15 കോടി രൂപയും 2010-11-ൽ 14.78 കോടി രൂപയും ലഭിക്കുകയുണ്ടായി. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

15. സുനാമി പദ്ധതി :

സുനാമിബാധിത പ്രദേശങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 5.5 കോടി രൂപ ലഭിക്കുകയും അത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

16. കുട്ടനാട്/ഇടുക്കി പാക്കേജുകൾ :

അത്യുല്പാദനശേഷിയുള്ള കറവപ്പശുക്കളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള പദ്ധതിക്കായി ഒരു ഗുണഭോക്താവിന് 30,000 രൂപ പ്രകാരം സബ്സിഡി അനുവദിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എൽ.ഡി. ബോർഡ് മുഖേന മൃഗസംരക്ഷണ വകുപ്പിന് ഇന്ത്യാ ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുകയും മേൽത്തുക ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് കൈമാറി പദ്ധതി നിർവ്വഹണ നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കന്നുകുട്ടികൾക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് കന്നുകുട്ടി ഒന്നിന് 7300 രൂപ വീതം 1000 കന്നുകുട്ടികൾക്കുള്ള തുകയായ 73 ലക്ഷം രൂപ പദ്ധതി നിർവ്വഹണ ഓഫീസർമാർക്ക് കൈമാറുകയും പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരികയും ചെയ്യുന്നു.

17. വെറ്ററിനറി സർവ്വകലാശാല :

മൃഗസംരക്ഷണമേഖലയുടെ അഭിവൃദ്ധിക്കായി വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്നുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) വെറ്ററിനറി സബ്സെന്ററുകളും, ആശുപത്രികളും മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സബ്സെന്ററുകൾ കേന്ദ്രീകരിച്ച് വളർത്തു മൃഗപരിപാലനത്തെക്കുറിച്ചും മറ്റും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

വെറ്ററിനറി ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി

104 (4455) ശ്രീ ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഭക്ഷ്യസുരക്ഷാ പദ്ധതിയിലേക്കായും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിലേക്കായും എന്തെല്ലാം പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പദ്ധതികൾ വേണ്ട രീതിയിൽ നടപ്പിലാക്കാൻ യോഗ്യരായിട്ടുള്ളവരുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly